പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.898 08.01.2014-ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. വേനൽക്കാലത്ത് എല്ലാപ്രദേശങ്ങളിലും കുടിവെള്ളം ലഭിക്കുന്നു എന്നുറപ്പ് വരുത്തുവാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെ യെന്ന് വ്യക്തമാക്കുമോ ; | എ. വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി ധനലഭ്യത യ്ക്കനുസൃതമായി താഴെപ്പറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു.<br>1.ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.<br>2.കേടായ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ<br>3.പമ്പ് സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ<br>4.വാട്ടർ ലൈനുകളിലുള്ള ലീക്കുകൾ മാറ്റുക<br>5.സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.<br>6.തകരാറിലായ പൈപ്പ്ലൈനുകൾ മാറ്റുക<br>7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക. |

8. ഇൻ ഫിൽ ട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.
9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിത സമയം കുടിവെള്ളം നൽകുക മുതലായവ.

| | |
|---|---|
| ബി. സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന മുഴുവൻ കുടിവെള്ള പദ്ധതികളും ജപ്പാൻ കുടിവെള്ള പദ്ധതി മാതൃകയിൽ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ? | ബി. സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് അവയുടെ പ്രവർത്തന പുരോഗതികൾ, വിവിധ തലങ്ങളിൽ വിലയിരുത്തി, ഓരോന്നിലും വ്യക്തമായ സമയ പരിധി നിശ്ചയിച്ച് ദ്രുതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ